e-mail: gssbsukc@yahoo.co.in Phone: 0471-2192810
0471-2192846

# സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ)

(അഫിലിയേറ്റഡ് ടു ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ)

കത്തുകൾ അയക്കേ□ വിലാസം
ജനറൽ സെക്രട്ടറി
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ലോക്കൽ ഹെഡ് ഓഫീസ്
പൂജപ്പുര, തിരുവനന്തപുരം-695 012

സർക്കുലർ നമ്പർ 08/24 തീയതി 11.03.2024

## സഖാവ് വി. മനോജ്

സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ) ഡെപ്യൂട്ടി ജനറൽ സെക്രട്ടറി സ: വി മനോജ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും, സംഘടനാ രംഗത്തു നിന്നും 2024 ഫെബ്രുവരി 29 ന് വിരമിച്ചു.

1964 ഫെബ്രുവരി 12-ന് തലശ്ശേരിയിലാണ് സ: വി മനോജ് ജനിച്ചത്. പിതാവ് പരേതനായ കുഞ്ഞിക്കണ്ണൻ വി, മാതാവ് കെ കെ നളിനി. ഭാര്യ SBI നീലേശ്വരം ടൗൺ ബ്രാഞ്ചിലെ ചീഫ് അസ്സോസിയേറ്റ് സുധ ടി ആർ, മക്കൾ അരുൺ വി മനോജ്, അഖിൽ വി മനോജ്.

മുപ്പത്തിയെട്ട് വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷമാണ് സ: വി. മനോജ് വിരമിച്ചത്. നാഷണൽ കോൺഫെഡറേഷൻ ഓഫ് ബാങ്ക് എംപ്ലോയീസ് (NCBE) കേന്ദ്ര കമ്മറ്റി അംഗം, ദീർഘകാലം NCBE കാസർഗോഡ് ജില്ലാ സെക്രട്ടറി എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി.

18.07.1985 -ൽ ആണ് സ: വി മനോജ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ജോലിയിൽ പ്രവേശിക്കുന്നത്. ഒരാഴ്ചക്കാലം ആലുവ ബ്രാഞ്ചിൽ ജോലി ചെയ്തു. തുടർന്ന് അഗളി (അട്ടപ്പാടി)യിലേക്ക് സ്ഥലംമാറ്റം ലഭിച്ച അദ്ദേഹം SBI കാഞ്ഞങ്ങാട്, കാസർഗോഡ് ബ്രാഞ്ചുകളിൽ ജോലി ചെയ്തിട്ടുണ്ട്. വിവിധ സംഘടനാ ചുമതലകൾ നിർവഹിച്ച് വന്ന അദ്ദേഹം 2006 മുതൽ സംഘടനയുടെ കേന്ദ്ര കമ്മറ്റി അംഗമായും തുടർന്ന് കോഴിക്കോട് മൊഡ്യൂൾ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി (ബ്രാഞ്ചസ്) ആയും പ്രവർത്തിച്ചു. വിരമിക്കുന്ന അവസരത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കാസർഗോഡ് റെയിൽവേ സ്റ്റേഷൻ റോഡ് ശാഖയിൽ ചീഫ് അസ്സോസിയേറ്റ് ആയിരുന്നു.

വിവിധ ഘട്ടങ്ങളിൽ ബാങ്കിങ് മേഖലയിലെ സംയുക്ത പ്രക്ഷോഭങ്ങൾക്ക് കാസർഗോഡ് ജില്ലയിൽ നേതൃത്വം നൽകിയിരുന്നത് അദ്ദേഹമായിരുന്നു. എ പി ജി ട്രേഡ് യൂണിയൻ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന പരിപാടികളിലും, സംഘടനാ യോഗങ്ങളിലും നടക്കുന്ന സംവാദങ്ങളെ മികവുറ്റതാക്കാൻ സഖാവിന്റെ ഇടപെടലുകൾക്ക് സാധിച്ചിട്ടുണ്ട്. പുതിയ തലമുറയ്ക്ക് വേണ്ട പ്രോത്സാഹനം നൽകി അവരെ സംഘടനാ രംഗത്തേക്ക് കൊണ്ടുവരുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ നൽകിയിരുന്നു.

2017–ലെ ലയന സമയത്ത് മലബാർ മേഖലയിൽ സംഘടനാ പ്രവർത്തനം ചിട്ടപ്പെടുത്തി വിജയിപ്പിച്ചതിൽ സഖാവ് മുൻപന്തിയിൽ തന്നെ ഉണ്ടായിരുന്നു. സംഘടനാ നേതൃത്വത്തിൽ ഇരിക്കവേ  ഇത്തരം അനിതരസാധാരണമായ ഇടപെടലുകളിലൂടെ സ്റ്റാഫ്  യൂണിയൻ നേതൃത്ത്വത്തിന്റെയും  അംഗങ്ങളുടെയും ഹൃദയങ്ങളിൽ തന്റേതായ സ്ഥാനം നേടിയെടുക്കാൻ അദ്ദേഹത്തിന് സാധിച്ചു.

പ്രിയ സഖാവ് വിരമിക്കുന്ന വേളയിൽ സംഘടനയ്ക്ക് അദ്ദേഹം നൽകിയ എല്ലാ സംഭാവനകൾക്കും നന്ദി പ്രകാശിപ്പിക്കാൻ ഈ അവസരം ഉപയോഗിക്കട്ടെ. സഖാവിനും കുടുംബത്തിനും എല്ലാവിധ ആശംസകളും നേരുന്നു.  കൂടുതൽ ഊർജ്ജസ്വലനായി പൊതുമണ്ഡലത്തിൽ കൂട്ടായ മുന്നേറ്റങ്ങൾക്ക് നമുക്കിനിയും കൈകോർക്കാം എന്ന വിശ്വാസത്തോടെ സംഘടനാ രംഗത്തു നിന്നും സഖാവിന് യാത്രാമൊഴി.



(അഖിൽ എസ്)
**ജനറൽ സെക്രട്ടറി**

## കോ – ഓപ്ഷൻ

2024 ഫെബ്രുവരി 3–ന് തിരുവനന്തപുരത്തു ചേർന്ന കേന്ദ്ര കമ്മറ്റി  യോഗത്തിൽ **കോഴിക്കോട്, സബ് ഓഫീസ്, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി (ബ്രാഞ്ചസ് )** ആയി **സഖാവ് അനു പി** (സീനിയർ അസ്സോസിയേറ്റ്, നിലമ്പൂർ ടൗൺ ശാഖ)– യെ കോ–ഓപ്റ്റ് ചെയ്തു.

| | |
|---|---|
| **STATE BANKS' STAFF UNION (KERALA CIRCLE) ……………………………………………………** | **ZINDABAD** |
| **ALL INDIA STATE BANK OF INDIA STAFF FEDERATION……………………………………** | **ZINDABAD** |
| **NATIONAL CONFEDERATION OF BANK EMPLOYEES………………………………………** | **ZINDABAD** |
| **UNITED FORUM OF BANK UNIONS…………………………………………………………** | **ZINDABAD** |
| **INQUILAB……………………………………………………………………………………** | **ZINDABAD** |